**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **06-10-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ സഹകരണ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഭരണഘടന വിഭാവനം ചെയ്യുന്ന സഹകരണ ഫെഡറലിസത്തിന് വിരുദ്ധമായി രൂപീകരിച്ചിട്ടുള്ള പുതിയ ദേശീയ സഹകരണ നയം സംസ്ഥാനത്തെ സംബന്ധിച്ച് അപ്രസക്തമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭരണഘടനയുടെ 7-ാംഷെഡ്യൂളിലെ "സ്റ്റേറ്റ് ലിസ്റ്റിന്റെ" പരിധിയിലെ 32-ാം ഇനമായി പറഞ്ഞിട്ടുള്ള "സഹകരണം" എന്നത് തീർത്തും സംസ്ഥാന വിഷയമാണ്. പ്രസ്തുത സംസ്ഥാന വിഷയത്തിൽ കേന്ദ്രസർക്കാർ നയം നിശ്ചയിക്കുന്നത് ഭരണഘടനാ തത്വങ്ങൾക്ക് യോജിക്കുന്നതല്ല. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വമായ "സ്വയംഭരണം" എന്നത് സംസ്ഥാന സർക്കാരിനുപോലും കേന്ദ്രീകൃത സംവിധാനം വഴി നിർദ്ദേശങ്ങൾ നൽകാൻ കഴിയാത്ത രീതിയിലാണ് സഹകരണ പ്രസ്ഥാനം രൂപപ്പെടുത്തിയിട്ടുള്ളതും അവയുടെ പ്രവർത്തനം ക്രമീകരിക്കപ്പെട്ടിട്ടുള്ളതും.<br><br>1969-ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും സമാപ്തീകരണവും മറ്റു നിയമപരമായ നിയന്ത്രണങ്ങളുമൊഴികെയുള്ള പ്രവർത്തനങ്ങളിൽ ഇടപെടാനാകാത്ത സാഹചര്യത്തിൽ സംഘങ്ങളുടെ പ്രവർത്തനങ്ങളും ഭരണവും കേന്ദ്രീകൃതമായി നിയന്ത്രിക്കുന്നതിന് കേന്ദ്ര സഹകരണ നയംകാരണമാകുന്നതാണ്.<br><br>കേന്ദ്ര സഹകരണ നയത്തിലൂടെ ഭാവിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇതിനോടകം തന്നെ പ്രാവർത്തികമാക്കി വിജയിപ്പിച്ചിട്ടുള്ളതാണ്.<br><br>സഹകരണ പ്രസ്ഥാനങ്ങൾ ശക്തമായ കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സാമ്പത്തികവും, സാമൂഹികവും, ഭരണപരവുമായ മേന്മ കണക്കിലെടുക്കാതെ തയ്യാറാക്കപ്പെട്ട ദേശീയ സഹകരണ നയം ഭരണഘടന വിഭാവനം ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | ദേശീയ കാഴ്ചപ്പാടിന് വിരുദ്ധമാണ്. മേൽപ്പറഞ്ഞ കാരണങ്ങൾ പരിഗണിച്ച് കേന്ദ്ര സർക്കാർ തയ്യാറാക്കിയ ദേശീയ സഹകരണ നയം സംസ്ഥാനത്തെ സംബന്ധിച്ച് അപ്രസക്തമാണ്. |
| (ബി) | 2018-ൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി വരുന്ന വിഷയങ്ങൾ ദേശീയ സഹകരണ നയത്തിന്റെ ഭാഗമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന സഹകരണ നയത്തിലെ ദർശന (Vision) ത്തിന്റെ ഭാഗമായ ശക്തമായ സംസ്ഥാന സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാട് കേന്ദ്ര സഹകരണ നയത്തിന്റെ ദർശനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ നയത്തിലെ ദൗത്യ (Mision) ത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂരിഭാഗം ലക്ഷ്യങ്ങളും ദേശീയ സഹകരണ നയത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ നിയമങ്ങളും സംഘം ബൈലോകളും കേന്ദ്ര നയത്തിനനുസരണമായി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാനാണ് ദേശീയ നയം ശിപാർശ ചെയ്യുന്നത്. എന്നാൽ ടി നയത്തിലെ പല വ്യവസ്ഥകളും സംസ്ഥാന നയത്തിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ മേഖലയിൽ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുള്ളതാണ്.<br><br>സഹകരണ സ്ഥാപനങ്ങളിൽ സ്വയംഭരണ പ്രവർത്തനങ്ങളും ജനാധിപത്യ അംഗ നിയന്ത്രണങ്ങളും കേന്ദ്ര നയം ശിപാർശ ചെയ്യുന്നു. എന്നാൽ സംസ്ഥാന സഹകരണ മേഖലയുടെ അടിസ്ഥാന തത്വം തന്നെ സ്വയം ഭരണവും ജനാധിപത്യ അംഗ നിയന്ത്രണവുമാണ്.<br><br>ഭരണസമിതിയുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പ്, ജീവനക്കാരുടെ നിയമനത്തിലുള്ള സുതാര്യത എന്നിവയും കേന്ദ്ര നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>എന്നാൽ സംസ്ഥാനത്ത് സഹകരണ സംഘങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷനും ജീവനക്കാരുടെ നിയമനത്തിനായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡും വളരെ മുമ്പ് തന്നെ രൂപീകരിച്ചിട്ടുണ്ട്.<br><br>രാജ്യത്തെ സഹകരണ സംഘങ്ങൾ, ആയതിലെ അംഗങ്ങൾ എന്നിവരുടെ പൊതു വിവരങ്ങൾ പൊതു സോഫ്റ്റ് വെയറിന്റെ കീഴിൽ കൊണ്ടുവരുന്നതിനും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ഏകീകൃത രൂപത്തിൽ ശേഖരിച്ച് National Co-operative Data |

| | | | |
|---|---|---|---|
| | | | Base-ൽ ഉൾപ്പെടുത്തി പ്രസ്തുത ഡാറ്റ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും നയം ശിപാർശ ചെയ്യുന്നു.<br><br>എന്നാൽ സംസ്ഥാനത്തെ സഹകരണ മേഖലയുടെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വളരെ മുമ്പ് തന്നെ സ്വീകരിച്ച് വരികയാണ്.<br><br>അടുത്ത 6 വർഷത്തിനുള്ളിൽ മൾട്ടി പർപ്പസ് പി.എ.സി.എസ്., പ്രാഥമിക സഹകരണ സംഘങ്ങൾ, ഫിഷറീസ് സംഘങ്ങൾ, മറ്റ് പ്രാഥമിക സംഘങ്ങൾ എന്നിവ ടി സംഘങ്ങൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ രൂപീകരിക്കുന്നതാണെന്ന് ദേശീയ നയത്തിൽ വ്യക്തമാക്കുന്നു. എന്നാൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മേൽപ്പറഞ്ഞ വിഭാഗത്തിൽ വരുന്ന സംഘങ്ങൾ കേരള സഹകരണ നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| (സി) | രാജ്യത്തെ സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഓരോ സംസ്ഥാനത്തും വ്യത്യസ്തമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്ന സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ ഇതിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുവാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ താല്പര്യം മുൻനിർത്തി ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ